# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5704

24.05.2017 — ൽ മറുപടിക്ക്

## റേഷൻ കടകളുടെ നവീകരണം

**ചോദ്യം**

ശ്രീ. എം. സ്വരാജ്:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണവും റേഷൻ കടകളുടെ നടത്തിപ്പും നവീകരിക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്. ട്രാക്കിംഗ്, ട്രാൻസ്പാരൻസി പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കി വരുന്നു.

റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സപ്ലൈകോ സ്വീകരിച്ചു വരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23.02.2017 ന് **RFP (Request for Proposal)** പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യൂവേഷൻ പ്രക്രിയ നടന്നു വരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ സംവിധാനവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ